**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും എന്ന് മുതലാണ് ഒഴിവുകൾ നിലവിൽവന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;</td><td>(എ)</td><td>മുനിസിപ്പൽ കോർപ്പറേഷനുകളിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ നിലവിൽ 4 ഒഴിവുകൾ ഉണ്ട്.<br><br><table><tr><th>നം</th><th>ജില്ല</th><th>ഒഴിവ് വന്ന തീയതി</th></tr><tr><td>1</td><td>തൃശ്ശൂർ</td><td>01.05.2024</td></tr><tr><td>2</td><td>തിരുവനന്തപുരം</td><td>01.06.2023</td></tr><tr><td>3</td><td>കണ്ണൂർ</td><td>01.12.2024</td></tr><tr><td>4</td><td>കൊച്ചി</td><td>01.03.2024</td></tr></table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;</td><td>(ബി)</td><td>മുനിസിപ്പൽ കോമൺ സർവ്വീസ് സ്പെഷ്യൽ റൂൾ GO (MS) No.222/2001/LSGD തീയതി 12.09.2021, പ്രകാരം സ്പെഷ്യൽ റൂളിലെ 1, 2, 3 തസ്തികകൾ (Deputy Secretary, Revenue Officer Gr-1/ Personal Assistant to Secretary/Secretary to Council/ Accounts Officer, Revenue Officer Gr-II) സെലക്ഷൻ പോസ്റ്റ് ആണ്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ സർക്കാർ ഡിപ്പാർട്ട്മെന്റൽ തസ്തികകളായി പരിഗണിക്കാതിരുന്നതിനാൽ നാളിതുവരെ ടി തസ്തികകളിലേക്ക് നടത്തിയിട്ടുള്ള പ്രൊമോഷനുകൾ, പി.എസ്.സി. മുഖേന ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയല്ലാതെ, സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർബൻ ഡയറക്ടർ നേരിട്ട് നടത്തിയിട്ടുള്ളത് ആണ്.<br><br>15.03.2024 ലെ സ.ഉ (സാധാ) നം.608/2024/ തസ്വഭവ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തിക ഒഴികെയുള്ള തസ്തികകൾക്ക് 2023 മുതൽ 3 വർഷത്തേക്ക് ഡി.പി.സി.</td></tr>
</table>

| | | | |
|---|---|---|---|
| | | | യിൽ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തികകൾക്കും ടി ഉത്തരവ് ബാധകമാക്കി ഡി.പി.സി.യിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചു വരുന്നു. മേൽ ശിപാർശയിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | മുനിസിപ്പൽ കോമൺ സർവ്വീസ് സ്പെഷ്യൽ റൂൾ GO (MS) No.222/2001/LSGD തീയതി 12.09.2021, പ്രകാരം സ്പെഷ്യൽ റൂളിലെ 1, 2, 3 തസ്തികകൾ (Deputy Secretary, Revenue Officer Gr-1/ Personal Assistant to Secretary/Secretary to Council/ Accounts Officer, Revenue Officer Gr-II) സെലക്ഷൻ പോസ്റ്റ് ആണ്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ സർക്കാർ ഡിപ്പാർട്ട്മെന്റൽ തസ്തികകളായി പരിഗണിക്കാതിരുന്നതിനാൽ നാളിതുവരെ ടി തസ്തികകളിലേക്ക് നടത്തിയിട്ടുള്ള പ്രൊമോഷനുകൾ, പി.എസ്.സി. മുഖേന ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയല്ലാതെ, സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർബൻ ഡയറക്ടർ നേരിട്ട് നടത്തിയിട്ടുള്ളത് ആണ്.<br><br>15.03.2024 ലെ സ.ഉ (സാധാ) നം.608/2024/ തസ്വഭവ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തിക ഒഴികെയുള്ള തസ്തികകൾക്ക് 2023 മുതൽ 3 വർഷത്തേക്ക് ഡി.പി.സി. യിൽ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തികകൾക്കും ടി ഉത്തരവ് ബാധകമാക്കി ഡി.പി.സി.യിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചു വരുന്നു. മേൽ ശിപാർശയിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ